ഉത്തരം

(എ) സിൽക്ക് മാനേജിംഗ് ഡയറക്ടർ ശ്രീ. ടി. സി. ഖാലിദും, സിൽക്ക് പ്രോജക്റ്റ് എഞ്ചിനീയറിംഗ് ആന്റ് എക്സ്പോർട്ട് ഡിവിഷൻ മാനേജർ ശ്രീ. പി. രവീന്ദ്രമേനോനും ചൈന സന്ദർശിച്ചിട്ടുണ്ട്.

(ബി) സർക്കാർ അംഗീകാരത്തോടെയാണ്.

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച ചൈനയിലെ എച്ച്. സി. ഐ. ഡി. സി. കമ്പനിയും സിൽക്കും ചേർന്ന് സംയുക്തമേഖലയിൽ സിൽക്കിന്റെ ചേർത്തലയിലുള്ള യൂണിറ്റിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ച സ്മോൾ ഹൈഡ്രോമാനുഫാക്ചറിംഗ് കമ്പനി തുടങ്ങുന്നത് ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയാണ് സിൽക്ക് മാനേജിംഗ് ഡയറക്ടർ ശ്രീ. ടി. സി. ഖാലിദ് 2002 ജൂൺ മാസത്തിൽ ചൈന സന്ദർശിച്ചത്. ഈ സന്ദർശനത്തിൽ മേൽ കമ്പനിയും സിൽക്കും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. ഇതോടനുബന്ധിച്ച് ചൈനയിൽ നിന്ന് 6 അംഗസംഘം 2003 ജനുവരിയിൽ കേരളത്തിൽ വരികയും ഗവൺമെന്റുമായും സിൽക്ക് അധികൃതരുമായും ചർച്ചകൾ നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സംയുക്തമേഖലയിലുള്ള ഈ കമ്പനി രൂപീകരണത്തിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടി അമരാവതി എന്ന സ്ഥലത്ത് സ്മോൾ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് സ്ഥാപിക്കുന്നതിന് സിൽക്കിന് 1998-ൽ ഓർഡർ ലഭിക്കുകയുണ്ടായി. ആയതിന്റെ ടർബൈൻ മുതലായ ഉപകരണങ്ങൾ നിർമ്മിക്കുവാൻ ചൈനയിലെ നാനിംഗ്-ൽ എൻ. ജി. ഡബ്ല്യു. എന്ന സ്ഥാപനത്തിനാണ് കരാർ കൊടുത്തിട്ടുള്ളത്. മേൽ കരാറിന്റെ ഭാഗമായി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഉപകരണങ്ങൾ തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന്റെ നിർദ്ദേശപ്രകാരമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനും സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനും വേണ്ടിയാണ് ശ്രീ. രവീന്ദ്രമേനോൻ ചൈന യാത്ര നടത്തിയത്.

(ഡി) ശ്രീ. ടി. സി. ഖാലിദിന്റെ (മാനേജിംഗ് ഡയറക്ടർ) യാത്രയ്ക്ക് 2,84,489 രൂപയും ശ്രീ. പി. രവീന്ദ്രമേനോന്റെ (മാനേജർ) യാത്രയ്ക്ക് 1,52,439 രൂപയും ചെലവായി. ഈ തുക സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡാണ് നൽകിയത്.

'സിൽക്കി'ന്റെ യൂണിറ്റുകൾ

17 [4874] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് ആകെ എത്ര യൂണിറ്റുകൾ ഉണ്ട്;

(ബി) മേൽപ്പറഞ്ഞ ഓരോ യൂണിറ്റിന്റെയും കഴിഞ്ഞ പത്തു വർഷത്തെ ലാഭം/നഷ്ടം എത്ര വീതമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ യൂണിറ്റിലേയും ജീവനക്കാരുടെ ഇനം തിരിച്ചുള്ള എണ്ണം വെളിപ്പെടുത്തുമോ;

(ഡി) ഓരോ യൂണിറ്റിലേയും ജീവനക്കാരുടെ പി. എഫ്., എൽ. ഐ. സി., ഇ. എസ്. ഐ. വിഹിതം എന്നീ ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ അവ എന്ത് തുക വീതമാണെന്നും എത്ര മാസത്തെ കുടിശ്ശികയാണെന്നും വ്യക്തമാക്കുമോ;

(ഇ) കുടിശ്ശിക തുക മുഴുവൻ അടച്ചു തീർക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സിൽക്കിന് അഞ്ച് മാനുഫാക്ചറിംഗ് യൂണിറ്റുകളും രണ്ട് നോൺ മാനുഫാക്ചറിംഗ് ഡിവിഷനുകളും ഉണ്ട്.

(ബി) യൂണിറ്റുകളുടേയും ഡിവിഷനുകളുടേയും കഴിഞ്ഞ പത്തു വർഷ കാലത്തെ ലാഭ /നഷ്ട കണക്ക് താഴെ ചേർക്കുന്നു:

ലാഭം /നഷ്ടം (ബ്രാക്കറ്റ് സൂചിപ്പിക്കുന്നത് നഷ്ടം)

വർഷം	സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ്	ജനറൽ എഞ്ചിനീയറിംഗ് വർക്ക്	ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്	ഷിപ്പ് ബിൽഡിംഗ് യൂണിറ്റ്	ഫൗണ്ടറി യൂണിറ്റ്	പ്രോജക്ട് എഞ്ചിനീയറിംഗ് ആന്റ് എക്സ്പോർട്ട് ഡിവിഷൻ	ട്രേഡിംഗ് ഡിവിഷൻ
1993-94	(88-03)	0-84	(75.10)	1.05	0.90	26.82	25.67
1994-95	(106-44)	(13.22)	111.72	(32.28)	(18.20)	(96.92)	66.31
1995-96	(152.09)	(5.43)	(31.23)	(19.76)	(15.54)	(62.76)	98.53
1996-97	(210.70)	(21.42)	(40.09)	(18.75)	(48.10)	(108.18)	36.10
1997-98	142.51	(58.79)	(31.85)	(15.94)	(46.44)	(18.97)	10.93
1998-99	(101.63)	(45.10)	(47.12)	(29.19)	(61.11)	(41.72)	14.36
1999-00	(10.63)	57.26	(51.20)	(26.36)	(38.51)	62.62	11.45
2000-01	(169.98)	(72.79)	(82.46)	(72.79)	(45.34)	(57.82)	(3.81)
2001-02	(70.29)	(41.55)	(32.21)	(42.05)	(43.76)	(28.79)	(6.40)

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ യൂണിറ്റിലേയും ജീവനക്കാരുടെ ഇനംതിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു:

യൂണിറ്റിന്റെ പേര്	മാനേജർ	ഓഫീസർ/ സൂപ്പർവൈസർ	തൊഴിലാളികൾ	ആകെ
സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ്, ചേർത്തല	8	5	62	75
ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്, ബേപ്പൂർ	2	3	61	66
ജനറൽ എഞ്ചിനീയറിംഗ് വർക്സ്, തുറവൂർ	3	2	38	43
ഫൗണ്ടറി യൂണിറ്റ്, ഒറ്റപ്പാലം	4	4	46	54
ഷിപ്പ് ബിൽഡിംഗ് യൂണിറ്റ്, അഴീക്കൽ	3	3	24	30
പ്രോജക്റ്റ് എഞ്ചിനീയറിംഗ് ആന്റ് എക്സ്പോർട്ട് ഡിവിഷൻ	19	10	8	37
ട്രേഡിംഗ് ഡിവിഷൻ	6	1	4	11
കോർപ്പറേറ്റ് ഓഫീസ്	13	1	10	24

(ഡി) ഓരോ യൂണിറ്റിന്റെയും പി. എഫ്., എൽ. ഐ. സി., ഇ. എസ്. ഐ. കുടിശ്ശിക താഴെ പറയും പ്രകാരമാണ്:

യൂണിറ്റിന്റെ പേര്	(രൂപ ലക്ഷത്തിൽ) പി. എഫ്.	എൽ.ഐ.സി.	ഇ.എസ്. ഐ.
സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ്, ചേർത്തല	49.55	2.65	4.35
ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്, ബേപ്പൂർ	36.00	0.45	7.00
ജനറൽ എഞ്ചിനീയറിംഗ് വർക്സ്, തുറവൂർ	24.65	2.40	4.02
ഫൗണ്ടറി യൂണിറ്റ്, ഒറ്റപ്പാലം	22.92	..	1.28
ഷിപ്പ് ബിൽഡിംഗ് യൂണിറ്റ്, അഴീക്കൽ	10.78	..	2.67

(ഇ) കുടിശ്ശിക തുക ഗഡുക്കളായി അടച്ചു തീർക്കുവാൻ ശ്രമം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly